പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5941** — **19.11.2019 ൽ മറുപടിയ്ക്ക്**

**സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കലാഭവൻ മണി അനുസ്മരണ പരിപാടികൾ**

**ചോദ്യം**

**ശ്രീ.ബി.ഡി. ദേവസ്സി**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | അനശ്വര കലാകാരൻ കലാഭവൻ മണിയുടെ സ്മരണയ്ക്കായി സംസ്ഥാന യുവജനക്ഷേമ ബോർഡ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | അനശ്വര കലാകാരൻ കലാഭവൻ മണിയുടെ സ്മരണയ്ക്കായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കഴിഞ്ഞ വർഷം മുതൽ സംസ്ഥാനത്തുടനീളം 'മണിനാദം' എന്ന പേരിൽ നാടൻ പാട്ട് മത്സരം സംഘടിപ്പിക്കുകയും ജില്ലാതല വിജയികളെ ഉൾപ്പെടുത്തി ചാലക്കുടിയിൽ വച്ച് സംസ്ഥാനതല മത്സരം സംഘടിപ്പിക്കുകയും ചെയ്തു. സംസ്ഥാനതലത്തിൽ 1,2,3 സ്ഥാനക്കാർക്ക് യഥാക്രമം 25,000, 15,000, 10,000 രൂപ വീതം സമ്മാനത്തുകയും ട്രോഫിയും നൽകിയിട്ടുണ്ട്. |
| (ബി) | കലാഭവൻ മണി അനുസ്മരണ പരിപാടികൾ ചാലക്കുടിയിൽ വെച്ച് നടത്തുന്നതിനും കലാകാരന്മാർക്കുള്ള സമ്മാനത്തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കലാഭവൻ മണിയുടെ ചരമദിനമായ മാർച്ച് 6 ന് ജന്മനാടായ ചാലക്കുടിയിൽ വച്ച് 'മണിനാദം' - കലാഭവൻ മണി മെമ്മോറിയൽ സംസ്ഥാനതല നാടൻപാട്ട് മത്സരം ഈ വർഷവും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. 14 ജില്ലകളിൽ നിന്നും ജില്ലാതല നാടൻപാട്ട് മത്സരത്തിൽ 1-ാം സ്ഥാനം നേടി വിജയിച്ച ടീമുകളെയാണ് സംസ്ഥാന മത്സരത്തിൽ പങ്കെടുപ്പിക്കുന്നത്. സംസ്ഥാന മത്സരത്തിൽ 1-ാം സ്ഥാനം നേടി വിജയിക്കുന്ന ടീമിന് സമ്മാന തുക 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ